## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

27.06.2012 ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 4160

**പിന്നോക്ക വിഭാഗ വികസന കോർപ്പറേഷനിൽ നിന്നുള്ള വായ്പ**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ.പി.എ. മാധവൻ<br>ശ്രീ.ലൂഡി ലൂയിസ് | | ശ്രീ. എ.പി. അനിൽകുമാർ<br>(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ മന്ത്രി) |
| (എ) സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷനിൽ നിന്നും വായ്പയെടുത്ത് കുടിശ്ശിക വരുത്തിയ ഗുണഭോക്താക്കൾക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; | (എ)യും (ബി)യും | കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷനിൽ നിന്നും വായ്പയെടുത്ത് 31.03.2011-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞിട്ടും സാമ്പത്തിക പരാധീനത മൂലം കുടിശ്ശിക അടച്ചുതീർക്കാൻ കഴിയാത്ത ഗുണഭോക്താക്കൾക്ക് പരമാവധി ഇളവും സാവകാശവും അനുവദിച്ചുകൊണ്ട് 02.06.2012 ലെ സർക്കാർ ഉത്തരവ് (എം.എസ്)നമ്പർ 78/2012/പി.സ.വി.വ പ്രകാരം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് പ്രയോജനപ്രദവും ആശ്വാസദായകവുമായ പ്രസ്തുത പദ്ധതി നടപ്പാക്കുമ്പോൾ ഗുണഭോക്താക്കളിൽ നിന്നും ഈടാക്കേണ്ടതായ പിഴപ്പലിശ പൂർണ്ണമായും പലിശയുടെ 50% -ഉം ഒഴിവാക്കപ്പെടുന്നതാണ്. കൂടാതെ വായ്പ കുടിശ്ശിക അടച്ചുതീർക്കുന്നതിന് ഗുണഭോക്താക്കൾക്ക് 31.12.2012 വരെയുള്ള കാലത്തേക്ക് സാവകാശവും ലഭിക്കുന്നതാണ്. |
| (ബി) പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ ? | | |

സെക്ഷൻ ഓഫീസർ